**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **28-01-2026 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ രണ്ട് വ്യവസായ സ്ഥാപനങ്ങളായ എടരിക്കോട് ടെക്സ്റ്റൈൽസ്, എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ് എന്നിവയുടെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **എടരിക്കോട് ടെക്സ്റ്റൈൽസ്**<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസ്, ടെക്സ്റ്റൈയിൽ മേഖല മൊത്തത്തിൽ നേരിടുന്ന പ്രതിസന്ധികളെ തുടർന്ന് 18.12.2023 മുതൽ ലേ ഓഫിലായിരുന്നെങ്കിലും 11-09-2025 മുതൽ തുറന്നു പ്രവർത്തിക്കുന്നു. നിലവിൽ ജോബ് വർക്ക് സംവിധാനത്തിൽ പ്രവർത്തനം നടന്നു വരുന്നു.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ ലഭ്യമായ അധിക സ്ഥലം വ്യാവസായിക വികസനത്തിനായി ഉപയോഗിച്ച് കമ്പനിയ്ക്ക് അധിക വരുമാനം നേടുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.<br><br>**എടരിക്കോട് കെ.ഇ.എൽ**<br><br>കെൽ എടരിക്കോട് യൂണിറ്റിന്റെ പ്രവർത്തനം മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട് . കൂടുതൽ ഓർഡറുകൾ ലഭ്യമാക്കി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എടരിക്കോട് യൂണിറ്റിന്റെ പ്രധാന ഉല്പന്നമായ കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ പ്രധാന ഉല്പാദന ഘടകമായ കൺട്രോൾ പാനൽ ഈ യൂണിറ്റിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ രണ്ടുസ്ഥാപനങ്ങളെയും പ്രവർത്തനമികവിലേക്ക് നയിക്കുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | **<u>എടരിക്കോട് ടെക്സ്റ്റൈൽസ്</u>**<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസ്, ടെക്സ്റ്റൈയിൽ മേഖല മൊത്തത്തിൽ നേരിടുന്ന പ്രതിസന്ധികളെ തുടർന്ന് 18.12.2023 മുതൽ ലേ ഓഫിലായിരുന്നെങ്കിലും 11-09-2025 മുതൽ തുറന്നു പ്രവർത്തിക്കുന്നു. നിലവിൽ ജോബ് വർക്ക് സംവിധാനത്തിൽ പ്രവർത്തനം നടന്നു വരുന്നു.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ ലഭ്യമായ അധിക സ്ഥലം വ്യാവസായിക വികസനത്തിനായി ഉപയോഗിച്ച് കമ്പനിയ്ക്ക് അധിക വരുമാനം നേടുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.<br><br>**<u>എടരിക്കോട് കെ.ഇ.എൽ</u>**<br><br>കെൽ എടരിക്കോട് യൂണിറ്റിന്റെ പ്രവർത്തനം മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട് . കൂടുതൽ ഓർഡറുകൾ ലഭ്യമാക്കി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എടരിക്കോട് യൂണിറ്റിന്റെ പ്രധാന ഉല്പന്നമായ കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ പ്രധാന ഉല്പാദന ഘടകമായ കൺട്രോൾ പാനൽ ഈ യൂണിറ്റിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| (സി) | ഈ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നല്കാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ? | (സി) | ബാക്കിയുണ്ട്. ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ